**കേരള സർക്കാർ**

**പ്രവേശനപരീക്ഷ കമ്മീഷണറുടെ കാര്യാലയം**

**ഏഴാം നില, കെ.എസ്.ആർ.ടി.സി. ബസ് ടെർമിനൽ കോംപ്ലക്സ്**

**തമ്പാനൂർ, തിരുവനന്തപുരം-695001**

E-mail: ceekinfo.cee@kerala.gov.in

Telephone: 0471 – 2332120, 2338487

## പത്രക്കുറിപ്പ്

## എം.ഫാം കോഴ്സിലേക്കുള്ള പ്രവേശനം- 2026
## ഓൺലൈൻ അപേക്ഷകൾ ക്ഷണിച്ചു

കേരളത്തിലെ സർക്കാർ ഫാർമസി കോളേജുകളിലേയ്ക്കും, സ്വാശ്രയ ഫാർമസി കോളേജുകളിലെ സർക്കാർ മെറിറ്റ് സീറ്റുകളിലേയ്ക്കും 2026-27 അദ്ധ്യയന വർഷത്തെ എം.ഫാം കോഴ്സിലേയ്ക്കുള്ള പ്രവേശനത്തിനായി ഗ്രാജ്വേറ്റ് ഫാർമസി ആപ്റ്റിറ്റ്യൂഡ് ടെസ്റ്റ് (G-PAT) 2024/2025/2026, പരീക്ഷയിൽ യോഗ്യത നേടിയ വിദ്യാർത്ഥികളിൽ നിന്നും അപേക്ഷകൾ ക്ഷണിച്ചു. 2024/2025/2026 G-PAT പരീക്ഷയിൽ യോഗ്യത നേടിയിട്ടുള്ള സർവ്വീസ് വിഭാഗക്കാർ ഉൾപ്പെടെയുള്ളവർക്ക്പ്രവേശന പരീക്ഷാ കമ്മീഷണറുടെ **www.cee.kerala.gov.in** എന്ന വെബ്സൈറ്റിലൂടെ **08.07.2026 , രാത്രി 11. 5 9 മണി വരെ** അപേക്ഷകൾ ഓൺലൈനായി സമർപ്പിക്കാവുന്നതാണ്. അപ്‌ലോഡ് ചെയ്യുന്ന രേഖകളുടെ അസ്സൽ പകർപ്പുകൾ അഡ്മിഷൻ സമയത്ത് ബന്ധപ്പെട്ട കോളേജുകളിൽ ഹാജരാക്കേണ്ടതാണ്. ഓൺലൈൻ അപേക്ഷയുടെ കൺഫർമേഷൻ പേജും, അനുബന്ധ രേഖകളും പ്രവേശന പരീക്ഷാ കമ്മീഷണർക്ക് അയയ്ക്കേണ്ടതില്ല. ഓൺലൈനായി അപേക്ഷ സമർപ്പിക്കുന്നതിന് മുമ്പായി അപേക്ഷാർത്ഥികൾ **www.cee.kerala.gov.in** എന്ന വെബ്സൈറ്റിൽ നൽകിയിട്ടുള്ള പ്രോസ്പെക്ടസിലെ വ്യവസ്ഥകളും വിജ്ഞാപനവും ശ്രദ്ധിക്കേണ്ടതാണ്.

**ഹെൽപ് ലൈൻ നമ്പർ : 0471- 2332120, 2338487**

Digitally signed by
AFSANA PERWEEN I A S
Date: 30-06-2026
15:25:01

**പ്രവേശന പരീക്ഷാ കമ്മീഷണർ**

തിരുവനന്തപുരം
30-06-2026